**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2194** **30-07-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക ജലസേചന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ കാർഷിക മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനായി വിഭാവനം ചെയ്ത കാർഷിക ജലസേചന പദ്ധതി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) | കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിലെ കാർഷിക മേഖലയുടെ ഉന്നമനത്തിനായി വിഭാവനം ചെയ്ത കാർഷിക ജലസേചന പദ്ധതിയുടെ ആദ്യ ഘട്ടമെന്ന നിലയിൽ കയ്യൂർ-ചീമേനി, ചെറുവത്തൂർ, പടന്ന, പിലിക്കോട് പഞ്ചായത്തുകളിൽ പെടുന്ന നാലിലംകണ്ടം മുതൽ എടച്ചാക്കൈ വരെയുള്ള 618 ഹെക്ടർ പ്രദേശത്ത് കൃഷിസ്ഥലങ്ങളുടെയും ജലസ്രോതസ്സ കളുടെയും പ്രാഥമിക വിവരശേഖരണവും സർവ്വേ നടപടിയും കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുകയും പ്രദേശത്തെ വിവിധ പാടശേഖര സമിതികളുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരു ടെയും യോഗം ബഹു. എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ ചേരുകയും കാർഷിക രംഗത്തുള്ള പ്രശ്നങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് ഉദ്ദേശം 100 കോടി ചെലവ് പ്രതീക്ഷിക്കുന്നു. വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ